# നെഫ്രോടിക് സിൻഡ്രോം

ഇത് മൂത്രത്തിൽ അസാധാരണമായ തോതിൽ പ്രോട്ടീൻ നഷ്ടപ്പെടുന്നതിനാൽ ഉണ്ടാകുന്ന അവസ്ഥയാണ്. സാധാരണയായി വൃക്കയെന്ന 'അരിപ്പ'യിലൂടെ വളരെ ചെറിയ അളവിൽ മാത്രമേ പ്രോട്ടീൻ മൂത്രത്തിലേക്കു കടക്കാറുള്ളൂ. നിങ്ങളുടെ കുട്ടിയുടെ രോഗം അവന്റെ വൃക്കകളുടെ 'അരിപ്പ' പ്രവർത്തനത്തിനെയാണ് ബാധിച്ചിട്ടുള്ളത്.

ഈ രോഗത്തിനു കാരണം എന്താണെന്നു കൃത്യമായി കണ്ടുപിടിച്ചിട്ടില്ല.

ശരീരത്തിൽ നിന്നും അമിതമായി പ്രോട്ടീൻ (പ്രധാനമായി ആൽബുമിൻ) നഷ്ടപ്പെടുന്നതിനാൽ രക്തത്തിലെ ആൽബുമിൻ നില കുറയുന്നു. ഇതു മൂലം ശരീരമാകെ നീര് കാണുന്നു. ആദ്യം മുഖത്ത്, പിന്നെ കാലുകളിലും, ചിലപ്പോൾ വയറ്റത്തും ഒടികളിലുമെല്ലാം നീര് വന്ന് കുട്ടിയാകെ ചീർക്കുന്നു. ചിലപ്പോൾ മൂത്രത്തിന്റെ അളവ് കുറയുന്നതും കാണാം.

സാധാരണയായി, ഈ അസുഖത്തിന്റെ ചികിത്സ പ്രെഡ്നിസൊലോൺ (അഥവ വൈസൊലോൺ) എന്ന മരുന്നു പ്രയോഗിച്ചിട്ടാണ്. തുടക്കത്തിൽ ഈ ഗുളിക ദിവസവും മൂന്നോ നാലോ നേരം കഴിക്കണം. ഒരു മാസം കഴിഞ്ഞാൽ ഇത് ഒന്നരാടം ആക്കും. മരുന്ന് 6-8 ആഴ്ചകൾ തുടരേണ്ടിവരും. ചികിത്സ തുടങ്ങിയാൽ രണ്ട് ആഴ്ചക്കകം നീര് കുറഞ്ഞുവരുന്നതായി കാണാം. അതിനോടൊപ്പം മൂത്രത്തിൽ പ്രോട്ടീനും ഇല്ലാതെയാകും. ശരിയായ ക്രമമനുസരിച്ച് മരുന്ന് കഴിച്ചില്ലെങ്കിൽ ഈ രോഗം വൃക്കകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും. അതിനാൽ ക്രമം തെറ്റാതെ ശ്രദ്ധിക്കുക. ചികിത്സ കഴിയുന്നതുവരെ ഇടക്കിടെ ഡോക്ടറെ വന്നു കാണണം.

പ്രെഡ്നിസൊലോൺ കഴിക്കുന്ന സമയത്ത് നിങ്ങളുടെ കുട്ടിക്ക് അമിതമായ വിശപ്പുണ്ടാകും, വളരെ പെട്ടന്ന് തടി വെക്കും. ചിലർക്ക് മുഖക്കുരു, കഴുത്തിലും ഒടികളിലും കറുത്ത നിറം, മുതലായവ കണ്ടേക്കാം. ഈ മാറ്റങ്ങളെല്ലാം മരുന്ന് നിർത്തുന്നതോടുകൂടി മുഴുവനായി ഇല്ലാതെയാകും.

അപൂർവം ചില കുട്ടികൾക്ക് പ്രെഡ്നിസൊലോൺ കൂടാതെ മറ്റു മരുന്നുകൾ കഴിക്കേണ്ടിവന്നേക്കാം.

നെഫ്രോടിക് സിൻഡ്രോം മൂലമുണ്ടാകുന്ന നീര് കുട്ടിക്ക് 14-15 വയസ്സ് വരെ ഇടക്കിടെ ഉണ്ടാകുവാൻ സാധ്യതയുണ്ട്. സാധാരണ ഈ പ്രായം കഴിഞ്ഞാൽ പ്രശ്നങ്ങളൊന്നും ഉണ്ടാകാറില്ല. വളരെ അപൂർവ്വമായി, ചില കുട്ടികൾക്ക്, കാലക്രമേണ വൃക്കകളുടെ പ്രവർത്തനം കുറഞ്ഞു വന്നേക്കാം. അതിനാൽ ചികിത്സാക്രമങ്ങൾ മുടങ്ങാതെ ശ്രദ്ധിക്കുക; മൂത്രത്തിൽ ചോരനിറം, വളർച്ചക്കുറവ്, വിളർച്ച, മുതലായ ലക്ഷണങ്ങൾ ശ്രദ്ധിക്കുക.

ഈ കുട്ടികൾക്ക് ചില തരം രോഗാണുബാധകൾ പിടിപെടുവാൻ കൂടുതൽ സാദ്ധ്യതയുണ്ട്. അതു തടയുവാനായി ചില പ്രത്യേക പ്രതിരോധക്കുത്തിവെപ്പുകൾ എടുക്കാവുന്നതാണ്.

ചുമ, ജലദോഷം, മൂത്രത്തിൽ പഴുപ്പ്, ചൊറി, എന്നിവയുണ്ടായാൽ വീണ്ടും നീര് കണ്ടേക്കാം. അതിനാൽ കഴിയുന്നതും ഈ അസുഖങ്ങൾ പിടിപെടാതെ ശ്രദ്ധിക്കണം.

പ്രത്യേക ഭക്ഷണക്രമങ്ങളൊന്നും സാധാരണയായി ആവശ്യമില്ല, എന്നാൽ, നീര് ഉണ്ടാകുന്ന സാഹചര്യത്തിൽ ഉപ്പ് മിതമായി കഴിച്ചാൽ മതി. അതായത്, പപ്പടം, അച്ചാർ, ഉണക്ക മീൻ, ഉപ്പുള്ള വറുത്ത പലഹാരങ്ങൾ തുടങ്ങിയവ കുട്ടിക്കു കൊടുക്കരുത്.

കുട്ടികൾ അന്നന്നു ചെയ്യേണ്ട വിദ്യാലയപഠനം, കളി, തുടങ്ങിയവ മുടക്കരുത്. കുട്ടിക്ക് രോഗിയാണെന്ന തോന്നൽ വരാതെ നോക്കണം.

സംശയങ്ങൾ എല്ലാം ഡോക്ടറുമായി ചർച്ച ചെയ്യുന്നത് നല്ലതാണ്.